| | (1) | (2) |
|---|---|---|
| 6 | തുവരപ്പരിപ്പ് | 34 |
| 7 | പീസ് പരിപ്പ് | 18 |
| 8 | മുളക് | 45 |
| 9 | മല്ലി | 39 |
| 10 | ജീരകം | 96 |
| 11 | കടുക് | 22 |
| 12 | ഉലുവ | 28 |
| 13 | പഞ്ചസാര | 25 (14-12-2010 മുതൽ) |
| 14 | പുഴുക്കലരി | 12.70. |
| 15 | പച്ചരി | 12.70 |

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവ് പ്രതീക്ഷിക്കുന്ന സ്ഥലങ്ങളിലുള്ള മാവേലി സ്റ്റോറുകളെയാണ് സൂപ്പർമാർക്കറ്റുകളാക്കി ഉയർത്താൻ ഇപ്പോൾ നടപടി എടുത്തു വരുന്നത്. ഈ സാമ്പത്തിക വർഷം ഇത്തരത്തിലുള്ള 100 സൂപ്പർ മാർക്കറ്റുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) ഉണ്ട്. മണ്ണാർക്കാട്, സുൽത്താൻ ബത്തേരി, കൽപ്പറ്റ (2), മൂന്നാർ, തിരുവനന്തപുരം (2), വടക്കൻ പറവൂർ എന്നിവിടങ്ങളിലാണ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്.

**അന്ത്യോദയ അന്നയോജന പദ്ധതിയും അന്നപൂർണ്ണ പദ്ധതിയും**

**91 (157)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അന്ത്യോദയ അന്നയോജന പദ്ധതിപ്രകാരം 593800 ഗുണഭോക്താക്കളെ കണ്ടെത്താൻ കേന്ദ്രം സംസ്ഥാനത്തോട് നിർദ്ദേശിക്കുക ഉണ്ടായിട്ടുണ്ടോ ;

(ബി) ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നതിലെ കാലതാമസം കാരണം 22048 കുടുംബങ്ങളെ പ്രസ്തുത പദ്ധതിയിൽ ഇനിയും കണ്ടെത്താൻ സംസ്ഥാന സർക്കാരിനായിട്ടില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) അന്നപൂർണ്ണ പദ്ധതിയിൽ ഗുണഭോക്താക്കളായി 44980 പേരെ കേന്ദ്രം നിർദ്ദേശിച്ചപ്പോൾ 41827 പേരെ മാത്രമേ സംസ്ഥാനത്തിന് കണ്ടെത്താനുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) രണ്ടു പദ്ധതികളിലുമായി 25201 ഗുണഭോക്താക്കൾക്കായി 1134 ടൺ അരി പ്രതിമാസം സംസ്ഥാനത്തിന് നഷ്ടമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ പ്രസ്തുത അപാകതകൾ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) എങ്കിൽ കഴിഞ്ഞ നാലരവർഷത്തിനിടയിൽ ആനുകൂല്യങ്ങൾ ക്കർഹരായ ഒട്ടേറെ കുടുംബങ്ങൾ സംസ്ഥാനത്തുണ്ടായിട്ടും 68000-ത്തിൽപരം ടൺ അരി സംസ്ഥാനത്തിന് നഷ്ടമാകാനുണ്ടായ സാഹചര്യത്തെ സർക്കാർ എങ്ങനെ കാണുന്നു ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) അന്ത്യോദയ അന്നയോജന പദ്ധതി (എ.എ.വൈ) പ്രകാരം 595800 ഗുണഭോക്താക്കളെ കണ്ടെത്താൻ സംസ്ഥാനത്തിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) നിലവിൽ എ.എ.വൈ പദ്ധതിയിൽ 589946 കുടുംബങ്ങളാണുള്ളത്. 5854 കുടുംബങ്ങളെ കൂടി കണ്ടെത്തേണ്ടതായുണ്ട്. എ. എ. വൈ. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നതിലെ കാലതാമസം ബാധകമല്ല. ഗുണഭോക്താളുടെ ലിസ്റ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാക്ഷ്യപ്പെടുത്തി നൽകിയാലേ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുകയുള്ളു. തദ്ദേശ സ്ഥാപനങ്ങൾക്ക് പുതിയ ഭരണസമിതികൾ നിലവിൽ വന്ന സ്ഥിതിക്ക് എത്രയും വേഗം എ.എ.വൈ. ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എ.എ.വൈ. പദ്ധതി പ്രകാരം പ്രതിമാസം 20855 മെ.ടൺ അരിയും അന്നപൂർണ്ണ പദ്ധതി പ്രകാരം പ്രതിമാസം 450 മെ.ടൺ അരിയുമാണ് കേന്ദ്രം അനുവദിക്കുന്നത്. അനുവദിച്ച മുഴുവൻ അളവ് ഭക്ഷ്യധാന്യങ്ങളും സംസ്ഥാനം വിട്ടെടുത്തിട്ടുണ്ട്. നിലവിലുള്ള ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത ശേഷം ബാക്കിവരുന്ന സ്റ്റോക്ക് മൊത്ത/ചില്ലറ വ്യാപാര ഡിപ്പോകളിൽ നീക്കിയിരിപ്പായി സൂക്ഷിച്ചിട്ടുണ്ട്. ആയതിനാൽ കേന്ദ്രം അനുവദിച്ച അരി നഷ്ടപ്പെടുന്ന പ്രശ്നം ഉദിക്കുന്നില്ല.

(ഇ) എ.എ.വൈ/അന്നപൂർണ്ണ പദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്താൻ പ്രാദേശിക ഭരണകൂടങ്ങളെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ആയതിന് കാലതാമസം നേരിടുന്നതിനാൽ ഈ നടപടി ത്വരിതപ്പെടുത്തുന്നതിനായി ജില്ലാ കളക്ടർമാരോട് ഗുണഭോക്താക്കളെ കണ്ടെത്താനും ആ ലിസ്റ്റിന് പ്രാദേശിക ഭരണകൂടത്തിന്റെ അംഗീകാരം നേടാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കഴിഞ്ഞ നാലര വർഷത്തിനിടയിൽ സംസ്ഥാനത്തിന് എ.എ.വൈ./അന്നപൂർണ്ണ പദ്ധതി പ്രകാരം അനുവദിച്ച അളവ് ഭക്ഷ്യധാന്യങ്ങൾ ഏതാണ്ട് പൂർണ്ണമായും തന്നെ സംസ്ഥാനം വിട്ടെടുത്തിട്ടുണ്ട്. വിട്ടെടുക്കലിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| | *AAY Rice* | | | *Annapurna Rice* | | |
|---|---|---|---|---|---|---|
| *Year* | *Allot* | *Lift* | *% of lifting* | *Allot* | *Lift* | *% of lifting* |
| 2006-07 | 244473 | 247116 | 101.08 | 3715.55 | 3408.7 | 91.74 |
| 2007-08 | 250260 | 250260 | 100 | 4950 | 4949.4 | 99.99 |
| 2008-09 | 250260 | 250260 | 100 | 5400 | 5400 | 100 |
| 2009-10 | 250260 | 250260 | 100 | 5400 | 5400 | 100 |
| 2010-11* | 125130 | 125130 | 100 | 2700 | 2700 | 100 |

*2010 സെപ്റ്റംബർവരെ.

അന്നപൂർണ്ണ ഗുണഭോക്താക്കളുടെ എണ്ണം ഗുണഭോക്താക്കളുടെ മരണംമൂലം കുറഞ്ഞു കൊണ്ടിരിക്കുന്നത് യഥാസമയം നികത്താൻ പ്രാദേശിക ഭരണകൂടങ്ങളിൽ നിന്ന് ലിസ്റ്റ് ലഭിക്കാത്തതിനാൽ കഴിഞ്ഞിട്ടില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ് പ്രകാരമേ എ.എ.വൈ/ അന്നപൂരണ്ണ ഗുണഭോക്താക്കളെ നിശ്ചയിക്കാൻ സാധിക്കുമായിരുന്നുള്ളു. എന്നിരുന്നാലും കേന്ദ്രം അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്നതിൽ സംസ്ഥാനം വീഴ്ച വരുത്തിയിട്ടില്ല.

**റേഷൻ കടകളും മാവേലി സ്റ്റോറുകളും**

**92 (158)** ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2 രൂപയ്ക്ക് റേഷൻ അരി വാങ്ങിക്കുന്ന ഗുണഭോക്താക്കളുടെ വിഭാഗം, ജില്ല എന്നിവ തിരിച്ച് എണ്ണം ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിലവിലുണ്ടായിരുന്ന റേഷൻകടകളുടേയും മാവേലി സ്റ്റോറുകളുടെയും എണ്ണം ജില്ലയും താലൂക്കും തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ പുതുതായി അനുവദിച്ച റേഷൻ കടകളുടെയും മാവേലി സ്റ്റോറുകളുടെയും എണ്ണം ജില്ലയും താലൂക്കും തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ ;

(ഡി) വയനാട് ജില്ലയിൽ എവിടെയെല്ലാം പുതുതായി മാവേലി സ്റ്റോർ റേഷൻ കടകൾ തുടങ്ങുന്നതിനായി നിർദ്ദേശങ്ങൾ വന്നിട്ടുള്ളതെന്നും ആയതിൽ വകുപ്പ് കൈക്കൊണ്ട നടപടിയും വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly